**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **24-02-2022 - ൽ മറുപടിയ്ക്ക്**

**പരിവർത്തിത ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് പ്രത്യേകമായി പ്രൊഫഷണൽ കോഴ്സുകളിൽ ആനുപാതികമായ സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | ഡയറക്ടറുടെ ശിപാർശ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിനായി നൽകിയിരുന്നു. ഇത് പരിഗണിച്ച കമ്മീഷൻ ടി സമുദായങ്ങൾക്കായി 4% സംവരണം നൽകുന്നതിനുള്ള കാരണങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുള്ള ആനുകൂല്യങ്ങൾ പൊതുവായി ഇതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഭാഗങ്ങൾക്കുമായി വിനിയോഗിക്കുന്ന അവസരത്തിൽ ഇതര ക്ഷേമ കോർപ്പറേഷനുകളിൽ അംഗങ്ങളായ ചില വിഭാഗങ്ങൾക്കും ലഭിക്കുന്നതായും മറ്റ ക്ഷേമ കോർപ്പറേഷനുകളിൽ ഒന്നിലും ഉൾപ്പെട്ടിട്ടില്ലാത്ത പരിവർത്തിത ക്രൈസ്തവർക്ക് അർഹതപ്പെട്ട ആനുപാതിക ആനുകൂല്യം ലഭ്യമാകുന്നില്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തി പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പരിവർത്തിത കോർപ്പറേഷനിൽ നിന്നും വായ്പയും മറ്റ് ആനുകൂല്യങ്ങളും താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് നൽകി വരുന്നത്. എ. പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ. 1. കുശവൻ, കുലാലൻ, കുലാല, കുംബാരൻ, വേളാൻ, ഓടൻ, ആന്ധ്രാനായർ, ആന്തുരുനായർ 2. പുലയൻ വേട്ടുവൻ ബി. ഇതര ശുപാർശിത വിഭാഗങ്ങളിൽപ്പെട്ടവർ 1. ചാക്കമർ 2. മഡിഗ 3. ചെമ്മാൻ / ചെമ്മാർ 4. കുടുംബി 5. ധീവര / ധീവരൻ (അരയൻ, വാലൻ, നുളയൻ, മുക്കുവൻ, അരയവാത്തി, വാലഞ്ചിയർ, പണിയാക്കൾ, മൊകയ, ബോവി, മൊഗായർ, മൊഗവീരർ) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ലക്ഷ്യവിഭാഗത്തിൽപ്പെട്ട അർഹരായ അപേക്ഷകർക്ക് വായ്പയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പ്രത്യേകമായ അനുപാതം നിശ്ചയിച്ചിട്ടില്ല, തുല്യ പരിഗണനയിലാണ് നൽകി വരുന്നത്. പട്ടികജാതിയിൽ നിന്നും പരിവർത്തനം ചെയ്ത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്ക്, മറ്റ് |

| | | | |
|---|---|---|---|
| | | | ശുപാർശിത വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമൂലം, പരിവർത്തിത ക്രൈസ്തവർക്കുള്ള ആനുകൂല്യം നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് പരാതികളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ